(ബി) 1. വാമനപുരം ജലസേചന പദ്ധതി.

2. അട്ടപ്പാടി പദ്ധതി.

3. പൊന്നാനി താലൂക്കിലെ ബളിയംകോട് ലോക്ക്-കം-ബ്രിഡ്ജിന്റെ നിർമ്മാണം.

4. വിയ്യം റെഗുലേറ്ററിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ.

5. കിഴക്കേകല്ലട (കൊല്ലം) പഞ്ചായത്തിലെ ഓണമ്പലം കട്ടിന്റെ പണി.

6. കാസർഗോഡ് ജില്ലയിലെ മംഗൽപ്പാടി പഞ്ചായത്തിൽപ്പെട്ട ബരിയൊളിഗെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും ചെങ്ങള പഞ്ചായത്തിൽപ്പെട്ട കല്ലകൂട്ടം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും.

7. എറണാകുളം ജില്ലയിൽപ്പെട്ട കണ്ണംകുളം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, പുലിമല ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, വല്ലം ടെയിൽ എന്റ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, വായിക്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.

8. പാലക്കാട് ജില്ലയിൽപ്പെട്ട കക്കുപടി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, കുക്കുപാളയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, മുക്കാലി ഡൈവർഷൻ പദ്ധതി.

9. ഇടുക്കി ജില്ലയിൽപ്പെട്ട അൽപ്പാറ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും വണ്ടൻമേട് പഞ്ചായത്തിലെ വിയർ നിർമ്മാണവും.

10. മലപ്പുറം ജില്ലയിലെ പരശനൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും, മുക്തിക്കയം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയും.

11. വയനാട് ജില്ലയിൽപ്പെട്ട കൂടൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, കൊയിലേരി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, പായോട് നോർത്ത്-സൗത്ത് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ, കക്കടവ് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, കോട്ടക്കുന്ന് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, താലൂർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, കൊല്ലവള്ളി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, പാക്കം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, മലങ്കര ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി.

12. കോട്ടയം ജില്ലയിലെ പാല ചെക്ക് ഡാം പദ്ധതിയുടെ പണികൾ.

(സി) ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

പുതുതായി ആരംഭിച്ച കുടിവെള്ള പദ്ധതികൾ

26 [1004] ശ്രീ. സി. മമ്മൂട്ടി:
„ കെ. കുട്ടി അഹമ്മദ് കുട്ടി:
„ സി. മോയിൻകുട്ടി:
„ പി. കെ. കെ. ബാവ:
„ ഇസ്ഹാക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പുതുതായി ആരംഭിച്ച കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിലേക്ക് എന്തു തുക ചെലവായി;

(ഡി) ഇതിനുവേണ്ടി ലഭിച്ച വിദേശ സഹായം എത്രയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരള വാട്ടർ അതോറിറ്റി താഴെപ്പറയുന്ന കുടിവെള്ള പദ്ധതികൾക്ക് അംഗീകാരം നൽകി:

1.	ത്വരിതഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി	.. 4	
2.	പി.എം.ജി.വൈ. പദ്ധതികൾ	.. 302	
3.	ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ	.. 130	
4.	എൻ.സി./പി.സി. പദ്ധതികൾ	.. 471	
5.	റൂറൽ സ്കൂളുകളിലേക്കുള്ള ശുദ്ധജല വിതരണ പദ്ധതികൾ	.. 747	
6.	വർഷ പദ്ധതി	.. 1058	യൂണിറ്റ്
7.	നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ	.. 8	
8.	എൽ. ഐ. സി. സഹായത്തോടെയുള്ള നഗര പദ്ധതികൾ	.. 8	
9.	എൽ.ഐ.സി. സഹായത്തോടെയുള്ള ഗ്രാമീണ പദ്ധതികൾ	.. 19	
10.	ത്വരിത നഗര ശുദ്ധജലവിതരണ പദ്ധതികൾ	.. 3	
11.	പ്രൈംമിനിസ്റ്റേഴ്സ് അനൗൺസ്മെന്റ് പദ്ധതികൾ		
	(a) ബോർവെൽ ഹാൻഡ് പമ്പ്	.. 1759	എണ്ണം
	(b) റൂറൽ പ്രൈമറി സ്കൂളുകളിലേക്കുള്ള പദ്ധതി	.. 31	
	(c) പരമ്പരാഗത സ്രോതസ്സുകളുടെ പുനരുദ്ധാരണം	.. 222	

12. ജെ.ബി.ഐ.സി. സഹായമുള്ള താഴെപ്പറയുന്ന പദ്ധതികൾക്കും ആരംഭം കുറിച്ചു:

1. തിരുവനന്തപുരം നഗരത്തിലെ ജലവിതരണ വിപുലീകരണ പദ്ധതി
2. മീനാടിനും പരിസര വില്ലേജുകൾക്കും വേണ്ടിയുള്ള പദ്ധതി
3. ചേർത്തലയ്ക്കും സമീപ പ്രദേശങ്ങൾക്കും വേണ്ടിയുള്ള പദ്ധതി
4. കോഴിക്കോട് നഗരപ്രദേശത്തിനു വേണ്ടിയുള്ള പദ്ധതി
5. പട്ടുവത്തിനും പരിസര പ്രദേശങ്ങൾക്കും വേണ്ടിയുള്ള പദ്ധതി

LIBRARY ARCHIVES Kerala Legislative Assembly

13. കെ.ആർ.ഡബ്ല്യു.എസ്.എ. പദ്ധതിയുടെ കീഴിൽ ജനപങ്കാളിത്തത്തോടെ 1513 ചെറുകിട കുടിവെള്ള പദ്ധതികൾ പുതുതായി ആരംഭിച്ചിട്ടുണ്ട്.

കോഴിക്കോട് ജില്ല	..	387
മലപ്പുറം ജില്ല	..	453
തൃശ്ശൂർ ജില്ല	..	255
പാലക്കാട് ജില്ല	..	418
ആകെ	..	1513

(ബി) താഴെപ്പറയുന്ന പദ്ധതികൾ പൂർത്തിയായി പ്രവർത്തനം ആരംഭിച്ചു:

(എ) ജലഅതോറിറ്റി

1. പി.എം.ജി.വൈ. പദ്ധതികൾ	..	23
2. ചെറുകിട ശുദ്ധജല വിതരണ പദ്ധതികൾ	..	49
3. എൻ.സി./പി.സി. പദ്ധതികൾ	..	31
4. റൂറൽ സ്കൂളുകളിലേക്കുള്ള പദ്ധതി	..	162
5. 'വർഷ' പദ്ധതി	..	521 യൂണിറ്റ്

(ബി) കെ.ആർ.ഡബ്ല്യു.എസ്.എ. ജലനിധി പദ്ധതിയുടെ 593 പദ്ധതികൾ.

(സി) ജെ.ബി.ഐ.സി. പദ്ധതിക്ക് വേണ്ടി 28.76 കോടി രൂപയും മറ്റ് പദ്ധതികൾക്ക് 20.59 കോടി രൂപയും കേരള വാട്ടർ അതോറിറ്റിക്ക് ചെലവായിട്ടുണ്ട്. ജലനിധി പദ്ധതി പ്രകാരം 28.24 കോടി രൂപയും ചെലവായിട്ടുണ്ട്.

(ഡി) ജെ.ബി.ഐ.സി. പദ്ധതിക്ക് 10.38 കോടി രൂപ ലഭിച്ചിട്ടുണ്ട്. ജലനിധി പദ്ധതിക്ക് 19.77 കോടി രൂപ ലോക ബാങ്ക് ഇന്ത്യാ സർക്കാരിന് വായ്പയായി നൽകിയിട്ടുണ്ട്. എന്നാൽ ഈ തുക അധിക കേന്ദ്ര സഹായമായാണ് സംസ്ഥാന സർക്കാരിന് കേന്ദ്ര സർക്കാർ വഴി ലഭിക്കുന്നത്.

വരൾച്ച നേരിടുന്നതിന് ആവിഷ്ക്കരിച്ച താൽക്കാലിക ദീർഘകാല പദ്ധതികൾ

27 [1005] ശ്രീ. എ. സി. മൊയ്തീൻ:
,, പി. ജയരാജൻ:
,, എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ച നേരിടുന്നതിന് സംസ്ഥാനത്ത് ആവിഷ്ക്കരിച്ച താൽക്കാലിക ദീർഘകാല പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) ശുദ്ധജലത്തിന് ഇപ്പോഴും ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളുണ്ടെന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly.